കേരള സാഹിത്യ അക്കാദമി

പത്രക്കുറിപ്പ് 10.01.2012

# കേരളത്തിൽ നവോത്ഥാനമുണ്ടായത് ഗ്രന്ഥശാലാപ്രവർത്തകരിലൂടെ–എം.ജി.എസ്.

തൃശൂർ: കേരളത്തിൽ സാംസ്കാരികനവോത്ഥാനമുണ്ടായത് ഗ്രന്ഥശാലാപ്രവർത്തകർ നൽകിയ അനൗപചാരികവിദ്യാഭ്യാസത്തിലൂടെയാണെന്ന് ചരിത്രഗവേഷകനും നിരൂപകനുമായ എം.ജി.എസ്.നാരായണൻ. കേരള സാഹിത്യ അക്കാദമിയുടെ ദേശീയപുസ്തകോത്സവത്തിലെ അക്ഷരപ്പെരുമ സാംസ്കാരികോത്സവത്തിൽ സംസ്ഥാനത്തെ മുതിർന്ന ഗ്രന്ഥശാലാപ്രവർത്തകരെ ആദരിക്കുന്നചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

അജ്ഞതയിലമർന്ന ഒരു സമൂഹത്തിന് വിജ്ഞാനത്തിന്റെ വെളിച്ചം പകർന്നുവെന്നതാണ് ഗ്രന്ഥശാലാപ്രവർത്തകർ ചെയ്ത ഏറ്റവും വലിയ സംഭാവന. കേരളം സാക്ഷരതയിൽ മുന്നിലാണെങ്കിലും ഉപരിവിദ്യാഭ്യാസ–ഗവേഷണരംഗങ്ങളിൽ വളരെ പിന്നിലാണെന്നും നമ്മുടെ സാമൂഹികപ്രവർത്തനങ്ങളിൽ അടുത്ത ഘട്ടം അതിലേക്കുള്ള മുന്നേറ്റമായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

പാലക്കീഴ് നാരായണൻ (മലപ്പുറം), വി.കെ.കുമാരക്കൈമൾ (കോട്ടയം), സി.കെ.പാർവതിടീച്ചർ (പാലക്കാട്), പി.കെ.കുമാരൻനായർ (കാസർകോഡ്), മച്ചാട് ടി.നീലകണ്ഠൻ (തൃശൂർ) തുടങ്ങിയ പുരസ്കാരജേതാക്കളെ വി.മുരളി പരിചയപ്പെടുത്തി.

പുരസ്ക്കാരജേതാക്കളെ എം.ജി.എസ്. പൊന്നാടയണിയിച്ച് ആദരഫലകവും പ്രശസ്തിപത്രവും സമർപ്പിച്ചു. ഗ്രന്ഥശാലാസംഘം പ്രസിഡണ്ട് എസ്.രമേശന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേരള പ്രസ് അക്കാദമി ചെയർമാൻ എൻ.പി.രാജേന്ദ്രൻ, ബാബു എം.പാലിശ്ശേരി എം.എൽ.എ., അക്കാദമി വൈസ്പ്രസിഡണ്ട് ബാലചന്ദ്രൻ വടക്കേടത്ത്, സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

ദേശീയപുസ്തകോത്സവത്തിൽ എം.എൻ.പാലൂരിന്റെ 'കഥയില്ലാത്തവന്റെ കഥ', എൻ.പി.വിജയകൃഷ്ണന്റെ 'വരയും വാക്കും' എന്നീ പുസ്തകങ്ങൾ ആർട്ടിസ്റ്റ് നമ്പൂതിരി പ്രകാശനം ചെയ്തു. പ്രൊഫ. കെ.കെ.ഹിരണ്യൻ പുസ്തകം ഏറ്റുവാങ്ങി. സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു. എം.എൻ.പാലൂർ, എൻ.പി.വിജയകൃഷ്ണൻ എന്നിവർ മറുപടിപ്രസംഗം നടത്തി.

**ആർ. ഗോപാലകൃഷ്ണൻ**
സെക്രട്ടറി



**അടിക്കുറിപ്പ്:**
കേരള സാഹിത്യ അക്കാദമിയുടെ ദേശീയപുസ്തകോത്സവം അക്ഷരപ്പെരുമ സാംസ്കാരികോത്സവത്തിൽ സംസ്ഥാനത്തെ മുതിർന്ന ഗ്രന്ഥശാലാപ്രവർത്തകരെ ആദരിക്കുന്നചടങ്ങിൽ എം.ജി.എസ്. നാരായണൻ സി.കെ.പാർവ്വതിടീച്ചറെ പൊന്നാടയണിയിക്കുന്നു.